(ബി) എങ്കിൽ എത്ര കാലയളവിലേക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഹൃദ്രോഗം, ക്യാൻസർ തുടങ്ങിയ മാരക രോഗങ്ങൾക്കിരയാകുന്നവർക്കും തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്നിവിടങ്ങളിൽ മേജർ ശസ്ത്രക്രിയകൾക്ക് വിധേയരാകുന്നവർക്കുമെങ്കിലും കുറഞ്ഞത് ആറുമാസത്തേക്കെങ്കിലും ഇത്തരം ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇ.എസ്.ഐ. അംഗങ്ങളായ പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഗുരുതരമായ രോഗങ്ങൾക്ക് ദീർഘകാല ചികിത്സക്കായി തൊഴിലാളികളുടെ കൂലിയുടെ 70 ശതമാനംവരെ ഇ.എസ്.ഐ. കോർപ്പറേഷൻ നൽകിവരുന്നു.

(ബി) ദീർഘകാല ചികിത്സാനുകൂല്യത്തിന് അർഹതയുള്ള തൊഴിലാളിക്ക് സാധാരണയായി 91 ദിവസത്തെ രോഗാനുകൂല്യത്തിനു പുറമെ 124 ദിവസത്തെ ദീർഘകാല രോഗാനുകൂല്യം നൽകിവരുന്നു. ഇത് വളരെ ഗുരുതരമായ രോഗങ്ങൾക്ക് ഇ.എസ്.ഐ. കോർപ്പറേഷന്റെ മെഡിക്കൽ റഫറിയുടെ ശുപാർശ പ്രകാരം 309 ദിവസംവരെ ദീർഘിപ്പിക്കാവുന്നതാണ്. ഇതിനും പുറമെ അർഹതയുള്ള കേസുകളിൽ മെഡിക്കൽ ബോർഡിന്റെ ശുപാർശയോടുകൂടി 400 ദിവസം മുതൽ പരമാവധി രണ്ടു വർഷം വരെ ദീർഘകാല രോഗാനുകൂല്യവും നൽകിവരുന്നു.

(സി) മേൽപ്പറഞ്ഞ ആനുകൂല്യത്തിനു പുറമെ തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്ററിലും, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലും സംസ്ഥാനത്തെ വിവിധ മെഡിക്കൽകോളേജ് ആശുപത്രികളിലും തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ചെയ്യുന്നതിനായി റിവോൾവിംഗ് ഫണ്ടിൽ നിന്ന് അഡ്വാൻസ് തുക അനുവദിക്കുന്നുണ്ട്.

മിനിമം വേജസ് നടപ്പാക്കിയിട്ടുള്ള വ്യവസായങ്ങൾ

41 [3485] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മിനിമം വേജസ് ഏതെല്ലാം വ്യവസായങ്ങളിലെ തൊഴിലാളികൾക്കാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) പുതുതായി മിനിമം വേജസിന്റെ പട്ടികയിൽ ഏതെല്ലാം വ്യവസായ തൊഴിലാളികളെയാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 41 വ്യവസായ മേഖലകളിൽ മിനിമം വേതനം നിർണ്ണയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) വീട്ടുജോലി, തടിവെട്ടും അനുബന്ധജോലികളും, ആഭരണനിർമ്മാണം എന്നീ മേഖലകളെയാണ് മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ പുതുതായി കൊണ്ടുവരാനുദ്ദേശിക്കുന്നത് അതിനുവേണ്ടിയുള്ള പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അസംഘടിത തൊഴിൽ വിഭാഗങ്ങൾക്ക് ക്ഷേമനിധി

42 [3486] *ശ്രീ എം. എ. ചന്ദ്രശേഖരൻ:*
„ എ. സുജനപാൽ:
ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അസംഘടിത തൊഴിൽ വിഭാഗങ്ങൾ ഏതെല്ലാമാണ്;

(ബി) ഈ തൊഴിൽ വിഭാഗങ്ങളിലെല്ലാംകൂടി എത്ര പേർ തൊഴിലെടുക്കുന്നുണ്ട്;

(സി) ഇവർക്കുവേണ്ടി ക്ഷേമനിധികൾ പ്രവർത്തിക്കുന്നുണ്ടോ ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഈ ക്ഷേമനിധികൾ നിയമംമൂലം രൂപീകരിക്കപ്പെട്ടവയാണോ;

(ഇ) അല്ലെങ്കിൽ അവർക്കുവേണ്ടി ക്ഷേമനിധി രൂപീകരിക്കുന്നതിന് പൊതുവായ ഒരു നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശമുണ്ടോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly